LIBRARY ARCHIVES Kerala Legislative Assembly

### ഐ ആന്റ് പി.ആർ. വകുപ്പിൽ പരാതിപരിഹാര സംവിധാനം

165 (4353) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ. ആന്റ് പി.ആർ. വകുപ്പിൽ വിവരസാങ്കേതികവിദ്യാധിഷ്ഠിത പരാതിപരിഹാര സംവിധാനം നിലവിലുണ്ടോ ;

(ബി) പ്രസ്തുത സംവിധാനം ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

#### ഉത്തരം

(എ-സി) ഐ. ആന്റ് പി.ആർ. വകുപ്പിൽ വിവരസാങ്കേതികവിദ്യാധിഷ്ഠിത പരാതി പരിഹാര സംവിധാനം നിലവിലില്ല. നിലവിലുള്ള പരാതിപരിഹാര സംവിധാനം വിവരസാങ്കേതികവിദ്യാധിഷ്ഠിതമാക്കാനുള്ള പ്രോജക്ട് സർക്കാരിന്റെ ഒരുവർഷ കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

### ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ

166 (4354) ശ്രീ. കെ. അച്ചുതൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആവിഷ്കരിച്ചിരിക്കുന്നത് ;

(ബി) ഇതിനായി ജില്ലാ ഇൻഫർമേഷൻ ആഫീസുകളിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിൽവരുത്താൻ ഉദ്ദേശിക്കുന്നത് ;

(സി) താലൂക്ക് തലങ്ങളിൽ ഇതിന്റെ പ്രവർത്തനം തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഐ. ആന്റ് പി. ആർ. വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ കർമ്മപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടികൾ കൈക്കൊണ്ടുവരുന്നു. പ്രാദേശിക വികസന വാർത്താശൃംഖല, ഐ.ടി. അധിഷ്ഠിത പരാതിപരിഹാരസെൽ, ഐ.ടി. അധിഷ്ഠിത ഫീഡ്ബാക്ക് സിസ്റ്റം, ബാഹ്യ ഏജൻസികൾവഴിയുള്ള അഭിപ്രായ സർവ്വേ സംവിധാനം എന്നീ കർമ്മപരിപാടികൾ അവയിൽ ചിലതാണ്. ഇവ കൂടാതെ നിരവധി കലാ-സാംസ്കാരിക പരിപാടികളും പത്രമാധ്യമ രംഗത്തെ പ്രവർത്തകർക്കായി പ്രോത്സാഹന ക്ഷേമപരിപാടികളും സമയബന്ധിതമായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

(ബി) ജില്ലാതല ഇൻഫർമേഷൻ ആഫീസുകളിലെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മനുഷ്യവിഭവശേഷിയുടെ കുറവ് പരിഹരിക്കുന്നതിനുമുള്ള പരിപാടികളും വകുപ്പിന്റെ സജീവ പരിഗണനയിലാണ്. കൂടാതെ ഐ.ടി. അധിഷ്ഠിത പരാതിപരിഹാര പരിപാടിയുടെ പ്രവർത്തനങ്ങൾ ജില്ലാ ഇൻഫർമേഷൻ ആഫീസുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും കൂടുതൽ കലാ-സാംസ്കാരിക പരിപാടികൾ ജില്ലാതലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുമുള്ള പദ്ധതികൾ വകുപ്പ് സജീവമായി പരിഗണിച്ചുവരുന്നു.

(സി) താലൂക്കുതലങ്ങളിൽ ഇൻഫർമേഷൻ ആഫീസുകളുടെ പ്രവർത്തനം തുടങ്ങാനുള്ള പദ്ധതി ഇപ്പോൾ പരിഗണനയിലില്ല.

## പി.ആർ.ഡി. മുഖാന്തിരമുള്ള പരസ്യങ്ങൾ

167 (4355) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാരിന്റെ പ്രവർത്തനങ്ങൾ വർത്തമാനപത്രങ്ങൾവഴി പ്രചരിപ്പിക്കുന്നതിന് കഴിഞ്ഞ 2011 മേയ് 18 മുതൽ 2011 ഒക്ടോബർ 8 വരെ ചെലവഴിച്ച തുകയെത്ര ;

(ബി) ഇതേ കാലയളവിൽ ഇലക്ട്രോണിക് മാധ്യമങ്ങളിൽ പരസ്യത്തിനായി നൽകിയ തുകയെത്ര ;

(സി) പത്രം, ടി. വി. എന്നിവയല്ലാതെ മറ്റിതര മാർഗ്ഗങ്ങളിലൂടെ സർക്കാർ പ്രചരണത്തിന് എത്ര തുക പി. ആർ. ഡി. മുഖാന്തിരം ചെലവഴിച്ചു ; വിശദാംശം അറിയിക്കാമോ ;

(ഡി) ഇതേ ആവശ്യത്തിന് 2006 മേയ് 18 മുതൽ 2006 ഒക്ടോബർ 8 വരെ പി. ആർ. ഡി. മുഖാന്തിരം ചെലവഴിച്ച തുകയെത്ര ;

(ഇ) പി.ആർ.ഡി. മുഖാന്തിരം സർക്കാർ പ്രചാരണത്തിനായി 2011-12-ൽ നീക്കിവച്ച തുകയുടെ വിശദാംശം അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly